തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MCW PCW 2403**

# സാഹിത്യരചന

## നവമാർക്സിസം

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I.** **രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. റഷ്യൻ വിപ്ലവത്തെ മനസ്സിലാക്കാൻ ടോൾസ്റ്റോയിക്ക് കഴിഞ്ഞിട്ടില്ല എന്നവാദം കഴമ്പില്ലാത്തതാണെന്ന് ലെനിൻ ചൂണ്ടിക്കാണിക്കുന്നത് എന്തുകൊണ്ട്?

2. മാർക്സിസ്റ്റ് നിരൂപണം വേണ്ടത്ര ആസ്വാദനപരമല്ലെന്ന വിമർശനങ്ങളെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

3. ഫ്രാങ്ക്ഫർട്ട് സ്കൂളിനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

4. മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിന് ബ്രിട്ടീഷുകാർ നൽകിയ സംഭാവനകൾ അടയാളപ്പെടുത്തുക.

5. പൗരസമൂഹം, ഹെജിമണി എന്നീ സംജ്ഞകൾ എന്തെന്ന് വ്യക്തമാക്കുക.

6. സോഷ്യലിസ്റ്റ് റിയലിസവും ക്രിട്ടിക്കൽ റിയലിസവും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

7. ക്ലാസിക്കൽ മാർക്സിയൻ സങ്കല്പത്തിൽനിന്നും നവമാർക്സിയൻ സങ്കല്പങ്ങൾ എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?

8. ഫ്രഡറിക് ജയിംസൺ ഉത്തരാധുനികതയെ നിർവചിക്കുന്നതെങ്ങനെ?

9. റഷ്യൻ ഫോർമലിസത്തിലെ പ്രധാന സൈദ്ധാന്തികരെയും സങ്കല്പനങ്ങളെയും കുറിച്ച് വിശദമാക്കുക.

10. വാൾട്ടർ ബെന്യാമിൻ ആധുനികതയോട് സ്വീകരിച്ച സമീപനം വ്യക്തമാക്കുക.

**II.** **അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. അനുഭൂതികൾ ചരിത്രപരമാണെന്ന് ബി. രാജീവൻ വ്യക്തമാക്കുന്നതിന്റെ യുക്തികൾ എന്തെല്ലാം?

12. വികസിക്കുന്ന നീതിയുടെ പക്ഷം പുരോഗമന പരിപ്രേക്ഷ്യത്തെ കൂടുതൽ വികസിതമാക്കുന്നതെങ്ങനെയാണെന്നാണ് പി. കെ. പോക്കർ നിരീക്ഷിക്കുന്നത്?

13. ലൂക്കാച്ച്-ബ്രെഹ്റ്റ്-ബെന്യാമിൻ സംവാദങ്ങളുടെ പ്രസക്തി വിശദമാക്കുക.

14. സംസ്കാരവ്യവസായം എന്നാലെന്ത്? കേരളീയ സന്ദർഭത്തിൽ അതിന്റെ രാഷ്ട്രീയവിവക്ഷകൾ എന്തെല്ലാം?

******